# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 269* 11/12/2014 ൽ മറുപടിക്ക്

## വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.സി.പി.മുഹമ്മദ്<br>,, വർക്കല കഹാർ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ | സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി രൂപീകരിച്ചിട്ടു ണ്ടോ; വിശദമാക്കുമോ? | എ | ഉണ്ട്. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് 'സമ്പൂർണ്ണ' എന്ന പേരിൽ ഒരു ഓൺലൈൻ സോഫ്റ്റ് വെയർ തയ്യാറാക്കി സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ? | ബി | 'സമ്പൂർണ്ണ' ഒരു സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ ആണ്. സ്കൂൾ തലത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ സുതാര്യവും ലളിതവുമാക്കാൻ പ്രധാനാധ്യാപകരെ സഹായിക്കുക എന്നതാണ് സമ്പൂർണ്ണയുടെ പ്രധാന ലക്ഷ്യം. സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വിശദാംശങ്ങളും ഡിജിറ്റൽ രൂപത്തിലാക്കുകയും വിദ്യാർത്ഥികളുടെ ഹാജർ വിശദാംശങ്ങൾ, പഠനനിലവാര രേഖ തയ്യാറാക്കൽ, ക്ലാസ് പ്രമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് തുടങ്ങി ഒരു വിദ്യാലയത്തിലെ എ ല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടറൈസ് ചെയ്യുക എ ന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയാണ് സമ്പൂർണ്ണ - സ്കൂൾ മാനേജ്മെന്റ് സിസ്റ്റം. |

| | | | |
|---|---|---|---|
| സി | എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | സി | വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തേയും വിദ്യാർത്ഥിയെയും സംബന്ധിച്ച് ഉള്ള മുഴുവൻ വിവരങ്ങളുമാണ് ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥിയുടെ വ്യക്തിഗത വിവരങ്ങൾ, മാതാപിതാക്കളുടെ വിവരങ്ങൾ, മേൽവിലാസം, മുൻപ് പഠിച്ചിരുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ, അഡ്മിഷന്റെയും പാഠ്യവിഷയങ്ങളുടെയും വിവരങ്ങൾ, പ്രതിരോധ കുത്തിവയ്പുകളെ സംബന്ധിച്ച വിശദാംശങ്ങൾ, തിരിച്ചറിയാനുതകുന്ന രണ്ട് അടയാളങ്ങൾ, വിവിധ ക്ലബ്ബുകളിലെ പങ്കാളിത്തം മുതലായ വിവരങ്ങളാണ് സമ്പൂർണ വഴി ശേഖരിക്കുന്നത്. സംസ്ഥാനത്ത് സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ അഡ്മിഷൻ രജിസ്റ്ററിലുള്ള എല്ലാ വിശദാംശങ്ങളും ഡിജിറ്റൽ രൂപത്തിലാക്കിയിട്ടുണ്ട്. അംഗീകൃത അൺ എയിഡഡ്, സി.ബി.എസ്.ഇ, ഐ.സി.എസ്.സി വിദ്യാലയങ്ങളിലെ കുട്ടികളുടെ വിശദാംശങ്ങളും ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ഡി | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐടി @ സ്കൂൾ പ്രോജക്ടാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ